**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3699** **26-10-2021 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ മൃഗസംരക്ഷണ-ക്ഷീര വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | മൃഗസംരക്ഷണ വകുപ്പ് റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായ ആട്ടുവളർത്തൽ പദ്ധതി, താറാവ് വളർത്തൽ പദ്ധതി, കിടാരി വളർത്തൽ പദ്ധതി, അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി, ശാസ്ത്രീയ തൊഴുത്ത് നിർമ്മാണം, തീറ്റപ്പുൽകൃഷി വികസനം എന്നിവയും വ്യാവസായിക ആട്ടുവളർത്തൽ പദ്ധതി, വളക്കുഴി നിർമ്മാണം, ഗോട്ട് സാറ്റലൈറ്റ് പദ്ധതി, കറവയന്ത്രം സ്ഥാപിക്കൽ, താറാവ് വിതരണം പദ്ധതി, വായ്പാ പലിശ സഹായ പദ്ധതി, താലൂക്ക്തല സംരംഭകത്വ പരിശീലന പരിപാടി, ഗോസമൃദ്ധി-എൻ.എൽ.എം കന്നുകാലി ഇൻഷ്വറൻസ് പദ്ധതി, രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം പദ്ധതി, കൊവിഡ് ബാധിതരായ കർഷകരുടെ ഉരുക്കൾക്ക് അടിയന്തിര ക്യാമ്പ് മുഖാന്തിരം സൗജന്യ തീറ്റയും മരുന്ന് വിതരണവും എന്നിവയാണ് ടി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ. ക്ഷീരവികസന വകുപ്പ് ക്ഷീരവികസന വകുപ്പ് മുഖേന മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ക്ഷീരകർഷകർക്കായി ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, തീറ്റപ്പുൽ കൃഷി വികസന പദ്ധതി, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം (അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്) എന്നിവയും ത്രിതല പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ക്ഷീരസമൃദ്ധി പദ്ധതി പ്രകാരം ക്ഷീരകർഷകർക്ക് പാലിന് സബ്സിഡിയും വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പുതിയ ക്ഷീര സംഘങ്ങൾ രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ; തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ ക്ഷീര സംഘങ്ങളുടെയും ക്ഷീര കർഷകരുടെയും എണ്ണം ലഭ്യമാക്കാമോ? | (ബി) | പാറശ്ശാല പഞ്ചായത്തിൽ നെടിയാംകോട്, പെരുങ്കടവിള പഞ്ചായത്തിൽ അരുവിപ്പുറം, പാൽകുളങ്ങര,കൊല്ലയിൽ പഞ്ചായത്തിലെ മേക്കൊല്ല എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള അപേക്ഷകൾ പരിഗണനയിലുണ്ട്. തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ക്ഷീര സംഘങ്ങളുടെയും ക്ഷീര കർഷകരുടെയും എണ്ണം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | പഞ്ചായത്ത് | സംഘം എണ്ണം | കർഷകരുടെ എണ്ണം |
|---|---|---|---|
| 1 | പാറശ്ശാല | 6 | 1350 |
| 2 | പെരുങ്കടവിള | 8 | 582 |
| 3 | കുന്നത്തുകാൽ | 6 | 789 |
| 4 | കൊല്ലയിൽ | 4 | 341 |
| 5 | അമ്പൂരി | 6 | 150 |
| 6 | വെള്ളറട | 8 | 379 |
| 7 | കള്ളിക്കാട് | 3 | 213 |
| 8 | ആര്യൻകോട് | 7 | 376 |
| 9 | ഒറ്റശേഖരമംഗലം | 3 | 222 |

സെക്ഷൻ ഓഫീസർ